**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 542** **17-09-2025-ൽ മറുപടിയ്ക്ക്**

**പദ്ധതി അടങ്കൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ശ്രീ. വി. ഡി. സതീശൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (മുഖ്യമന്ത്രി)

**(എ)** 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

**മറുപടി:** 2024-25 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കു കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക **38,886.91 കോടി** രൂപയും, ചെലവ് **40290.24 കോടി** രൂപയുമാണ്. പദ്ധതി അടങ്കൽ തുകയും, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു.

**(ബി)** 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

**മറുപടി:** 2024-25 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കു കീഴിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ പദ്ധതിയിനത്തിൽ ബജറ്റിൽ വകയിരുത്തിയ തുക **38,886.91 കോടി** രൂപയും, ചെലവ് **40290.24 കോടി** രൂപയുമാണ്. പദ്ധതി അടങ്കൽ തുകയും, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ആയി ചേർക്കുന്നു.

**(സി)** വിവിധ ഉത്തരവുകൾ പ്രകാരം പദ്ധതി അടങ്കലിൽ എത്ര രൂപ കുറവ് വരുത്തിയെന്നും പുതുക്കിയ പദ്ധതി അടങ്കൽ എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

**മറുപടി:** 2024-25 വർഷം **38,886.91 കോടി** രൂപയുടെ വാർഷിക പദ്ധതിക്കാണ് അംഗീകാരം നൽകിയിരുന്നത്. കേന്ദ്ര ധനകൈമാറ്റത്തിൽ വന്ന ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് സൃഷ്ടിച്ച ധനഞെരുക്കം പരിഗണിച്ചും, വിവിധ ക്ഷേമ പദ്ധതികളിലെ കുടിശ്ശികയും, മറ്റ് ആനുകൂല്യങ്ങളും സർക്കാരിന് സമയ ബന്ധിതമായി കൊടുത്ത് തീർക്കേണ്ടതായിട്ടുണ്ട് എന്ന സാഹചര്യം കണക്കിലെടുത്തും, 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ പുനഃക്രമീകരണം നടത്തുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ സ.ഉ (അച്ചടി) നം.**76/2024/ധന തീയതി 31.08.2024** ആയിപുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധം-2 ആയി നൽകിയിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - I

| നം. | ധനാഭ്യർത്ഥന | 2024-25 (തുക കോടിയിൽ) | | |
|---|---|---|---|---|
| | | വിഹിതം | ചെലവ് * | % |
| I | സംസ്ഥാന നിയമസഭ | 0.93 | 3.38 | **363.16%** |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 72.69 | 80.88 | **111.28%** |
| III | നീതിന്യായ നിർവ്വഹണം | 45.26 | 62.80 | **138.75%** |
| V | ചരക്കു സേവന നികുതിയും, കാർഷികാദായ നികുതിയും വില്പന നികുതിയും | 11.80 | 15.89 | **134.68%** |
| VI | ഭൂനികുതി | 7.50 | 2.55 | **33.98%** |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 21.16 | 20.47 | **96.72%** |
| VIII | എക്സൈസ് | 17.90 | 8.03 | **44.88%** |
| X | ട്രഷറികളും അക്കൗണ്ടുകളും | 17.12 | 23.00 | **134.36%** |
| XI | ജില്ലാ ഭരണവും പലവകയും | 9.50 | 7.94 | **83.60%** |
| XII | പോലീസ് | 191.36 | 163.15 | **85.26%** |
| XIII | ജയിലുകൾ | 11.50 | 4.77 | **41.47%** |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 61.38 | 20.06 | **32.68%** |
| XV | പൊതുമരാമത്ത് | 1245.54 | 2074.25 | **166.53%** |
| XVI | പെൻഷനും പലവകയും | 0.00 | 2938.76 | - |
| XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 2991.55 | 2374.03 | **79.36%** |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2641.45 | 2716.03 | **102.82%** |
| XIX | കുടുംബക്ഷേമം | 250.00 | 430.14 | **172.06%** |
| XX | ശുദ്ധജല വിതരണവും ശുചീകരണവും | 907.10 | 1606.00 | **177.05%** |
| XXI | ഭവന നിർമ്മാണം | 65.80 | 15.38 | **23.37%** |
| XXII | നഗരവികസനം | 1659.06 | 1323.00 | **79.74%** |
| XXIII | വാർത്താ വിതരണവും പ്രചരണവും | 37.20 | 17.48 | **46.99%** |
| XXIV | തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 564.52 | 306.66 | **54.32%** |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2745.22 | 2058.70 | **74.99%** |
| XXVI | പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് | 0.31 | 0.04 | **14.39%** |
| XXVII | സഹകരണം | 167.33 | 43.69 | **26.11%** |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | 1515.61 | 4839.43 | **319.31%** |
| XXIX | കൃഷി | 1394.17 | 903.84 | **64.83%** |
| XXX | ഭക്ഷ്യം | 68.35 | 615.44 | **900.43%** |
| XXXI | മൃഗസംരക്ഷണം | 274.45 | 162.31 | **59.14%** |
| XXXII | ക്ഷീരവികസനം | 117.95 | 53.83 | **45.64%** |
| XXXIII | മത്സ്യബന്ധനം | 425.10 | 393.47 | **92.56%** |
| XXXIV | വനം | 278.06 | 199.15 | **71.62%** |
| XXXV | പഞ്ചായത്ത് | 388.15 | 295.33 | **76.09%** |
| XXXVI | ഗ്രാമ വികസനം | 6031.79 | 1851.07 | **30.69%** |
| XXXVII | വ്യവസായങ്ങൾ | 1736.88 | 1213.99 | **69.89%** |

# അനുബന്ധം - I

| നം. | ധനാഭ്യർത്ഥന | 2024-25 (തുക കോടിയിൽ) | | |
|---|---|---|---|---|
| | | വിഹിതം | ചെലവ് * ( ) | % |
| XXXVIII | ജലസേചനം | 426.67 | 218.45 | **51.20%** |
| XXXIX** | വൈദ്യുത പദ്ധതികൾ (സംസ്ഥാന വൈദ്യുതി ബോർഡിന്റെ തനത് വിഹിതം ഉൾപ്പെടെ) | 1150.76 | 72.97 | **6.34%** |
| XL | തുറമുഖങ്ങൾ | 73.72 | 947.86 | **1285.76%** |
| XLI | ഗതാഗതം | 789.39 | 2604.67 | **329.96%** |
| XLII | വിനോദസഞ്ചാരം | 351.42 | 307.53 | **87.51%** |
| XLIII* | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 8532.00 | 7682.14 | **90.04%** |
| XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 1589.27 | 1611.67 | **101.41%** |
| | **ആകെ** | **38886.91** | **40290.24** | **103.61%** |

* **അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം**

** **വൈദ്യുതി ബോർഡിൽ നിന്ന് തനത് ചെലവ് ലഭ്യമായിട്ടില്ലാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല.**